# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 40 — 27/02/2017-ന് മറുപടിക്ക്

### പാർട്ടി ഓഫീസുകളിൽ ഗവൺമെന്റ് ജീവനക്കാരുടെ യോഗം

**ചോദ്യം**

ശ്രീ.കെ.എസ്.ശബരീനാഥൻ

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | ഗവൺമെന്റ് ജീവനക്കാരുടെ യോഗം പാർട്ടി ഓഫീസുകളിൽ വിളിച്ച് ചേർക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ; | (എ) & (ബി) | 1960 ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 67 പ്രകാരം ഏതൊരു സർക്കാർ ജീവനക്കാരനും ഏതെങ്കിലും രാഷ്ട്രീയ കക്ഷിയിലോ അല്ലെങ്കിൽ രാഷ്ട്രീയത്തിൽ പങ്കെടുക്കുന്ന ഏതെങ്കിലും സംഘടനയിലോ ഒരംഗമാകുവാനോ മറ്റുരീതിയിൽ അവരുമായി സഹകരിക്കുവാനോ, അല്ലെങ്കിൽ ഏതെങ്കിലും രാഷ്ട്രീയ പ്രസ്ഥാനത്തിലോ, പ്രവർത്തനത്തിലോ പങ്കെടുക്കുവാനോ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സെക്രട്ടേറിയറ്റിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും, ഫയൽ നീക്കത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി തലത്തിൽ യോഗങ്ങൾ നടത്തി വിലയിരുത്തുകയും തുടർ നടപടികൾ സ്വീകരിക്കാൻ വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സെക്രട്ടേറിയറ്റിലെ ഭരണ സ്തംഭനവും ഫയൽ നീക്കത്തിലെ മന്ദതയും നീക്കാൻ സി.പി.എം. സംസ്ഥാന സെക്രട്ടറി, ഗവൺമെന്റ് സെക്രട്ടേറിയറ്റ് ജീവനക്കാരിൽ ഒരു വിഭാഗത്തിന്റെ യോഗം എ.കെ.ജി. സെന്ററിൽ വിളിച്ച് ചേർത്തതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് കൈക്കൊള്ളുവാൻ ഉദ്ദേശിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ ? | | |

Renjith. N.R

**സെക്ഷൻ ഓഫീസർ**